LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ): സർ, മലബാറിൽ 1356 ക്ഷേത്രങ്ങളാണുള്ളത്. ഭൂരിപക്ഷം ക്ഷേത്രങ്ങളുടേയും വരുമാനം വളരെ കുറവാണ്. അതാത് ക്ഷേത്രങ്ങളുടെ വരുമാനത്തിൽ നിന്നെടുത്താണ് ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നത്. അതുകൊണ്ട് ദയനീയ സ്ഥിതിയാണ് അവിടത്തെ ജീവനക്കാരുടേത്. 1996-ൽ ആണ് ആദ്യമായി ശമ്പളസ്കെയിൽ നിശ്ചയിച്ചത്. അതാത് അമ്പലത്തിന്റെ വരുമാനമെടുത്ത് ശമ്പളം കൊടുത്താൽ മറ്റ് നിത്യനിതാന ചെലവിന് കഴിയാതെ വരുന്നതുകൊണ്ട് ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരിക്കുമ്പോൾ ആദ്യമായി 1996-ൽ 1 കോടി രൂപ പ്രത്യേകമായി ശമ്പളത്തിനുവേണ്ടി കൊടുത്തിരുന്നു. ഇത്തവണ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിൽ 1 കോടി രൂപ എന്നുള്ളത് 3 കോടി രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. അത് ഏപ്രിൽ മുതൽ നടപ്പിൽ വരും. അതോടൊപ്പം ഇത്തവണ ശമ്പളം കൂട്ടിക്കൊടുക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസലും ധനകാര്യ വകുപ്പുമന്ത്രിയുടെ മുമ്പിലുണ്ട്. ഞാൻ ജീവനക്കാരുമായി സംസാരിച്ചിരുന്നു. ഏതായാലും ഏപ്രിൽ മുതൽ ശമ്പളം കൂട്ടിക്കൊടുക്കുന്നതായിരിക്കും.

(6) കോഴിക്കോട് മെഡിക്കൽ കോളേജിലെ ബി.ഫാം., ഡി.ഫാം. കോഴ്സുകളിലെ ക്ളാസുകൾ നിർത്തിവയ്ക്കേണ്ടി വന്നതു സംബന്ധിച്ച്

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, കോഴിക്കോട് മെഡിക്കൽ കോളേജിൽ ബി.ഫാം-ന് 80 കുട്ടികളും, ഡി.ഫാം-ന് 150 കുട്ടികളും പഠിക്കുന്നുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 150 കുട്ടികൾ പഠിക്കുന്നുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ 34 അദ്ധ്യാപകർക്കുപകരം 5 പേരാണുള്ളത്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 40 പേരുണ്ട്. ഇത് മലബാർ മേഖലയോടുള്ള അവഗണനയാണ് ഈ അവഗണന അവസാനിപ്പിച്ച് ആവശ്യമായ അദ്ധ്യാപകരെ നിയമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): സർ, കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നും 1993-ൽ 3 ലക്ചറർമാരെ തിരുവനന്തപുരത്തേയ്ക്ക് മാറ്റിയിരുന്നു. അവരെ തിരിച്ച് കോഴിക്കോട്ടേയ്ക്കു തന്നെ മാറ്റിയിട്ടുണ്ട്. അതിന് 4-2-ൽ ഓർഡർ കൊടുത്തിട്ടുണ്ട്. ഒരു അസിസ്റ്റന്റ് പ്രൊഫസറെ തിരുവനന്തപുരം ഫാർമസ്യൂട്ടിക്കൽ കോളേജിൽ നിന്നും കോഴിക്കോട്ടേയ്ക്ക് അയച്ചിട്ടുണ്ട്. ഇനി ഒഴിവുള്ള തസ്തികകളിൽ പി.എസ്.സി. നിയമനം നടത്താൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതുമാത്രമല്ല, ഡി.പി.സി. ചേർന്ന് ഉയർന്ന തസ്തികകളിൽ കൂടുതൽ ആളുകളെ നിയമിക്കാൻ നിർദ്ദേശവും നൽകിയിട്ടുണ്ട്.